ലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധസമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) 3/2/2000-ൽ ഒരു അക്രമം ഉണ്ടായതിനെത്തുടർന്ന് കമ്പനി അടച്ചിടുകയും മാനേജ്മെന്റ് പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് നടത്തിയ ചർച്ചയിൽ പരിസരത്തുള്ള 65 പേരെ ജോലിയിൽ പ്രവേശിപ്പിക്കാമെന്ന് കരാറുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരാഴ്ചയ്ക്കകം കമ്പനി തുറക്കുന്നതാണെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(588) പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. എം. മുരളി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം വിദേശ സന്ദർശനം നടത്തിയ ഏതെങ്കിലും മന്ത്രി, സംസ്ഥാനത്ത് ഏതെങ്കിലും വിദേശികളോ വിദേശ കമ്പനികളോ പുതിയ വ്യവസായം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് വ്യവസായ വകുപ്പിന് എന്തെങ്കിലും വിവരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാർ എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്;

(സി) ഈ വ്യവസായങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 13/4/1998 ന് നടത്തിയ വിദേശ യാത്രയിൽ കെയ്റോ, അബുദാബി, മസ്ക്കറ്റ്, 19/10/1998 -ന് നടത്തിയ വിദേശ യാത്രയിൽ കെയ്റോ, അബുദാബി, മസ്ക്കറ്റ്, 19/10/1998 -ന് നടത്തിയ യാത്രയിൽ വിയറ്റ്നാം, 26/11/1999ന് നടത്തിയ യാത്രയിൽ ദുബായ്, അബുദാബി, മസ്ക്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഈ സന്ദർശനത്തിന്റെ ഫലമായി കെ.എസ്.ഐ.ഡി.സി.യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിച്ച് ഏകദേശം 152 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന 6 വ്യവസായ പദ്ധതികൾക്കായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 2970 ലക്ഷം രൂപയുടെ വിദേശ മൂതൽമുടക്ക് ഉണ്ടായിട്ടുണ്ട്. പുതുതായി 8 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. 1999 ഡിസംബറിൽ വ്യവസായ വകുപ്പുമന്ത്രി നടത്തിയ വിദേശയാത്രയുടെ ഫലമായി അഡ്മിനാക്സ് ലിമിറ്റഡ് എന്ന കമ്പനിയുമായി വ്യവസായമാരംഭിക്കാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 30/6/1996, 7/7/1996, 14/11/1996, 24/11/1996 എന്നീ തീയതികളിൽ മുഖ്യമന്ത്രി ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ്, ജർമ്മനി, സിറ്റ്സർലന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. 10/6/1997, 22/6/1997, എന്നീ തീയതികളിൽ മുഖ്യമന്ത്രി, വൈദ്യുത മന്ത്രി എന്നിവർ കാനഡ, ചിക്കാഗോ, പാരീസ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇൻഡോ ഇറ്റാലിയൻ ഇൻസ്റ്റിറ്റ്യൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഫോർ ട്രേഡ് ആന്റ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഒരു ഇൻഡോ ഇറ്റാലിയൻ ടവർ നിർമ്മിക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നുകഴിഞ്ഞു. വിദേശ വ്യവസായികളായ ശ്രീ. ആർ.സി. സുരേഷ്, ശ്രീ. യൂസുഫ് അലി, ശ്രീ. വിവേക് ജേക്കബ്, കരേര, ഇറ്റലി ശ്രീ. ടെക് മെഡിക്കൽ ആന്റ് ലബോറട്ടറി സപ്ലൈസ്, യു.എസ്.എ., ബി.സി.സി., ഫുഡ്സ് ആന്റ് ഓയിൽസ് കാനഡ തുടങ്ങിയവർ മുതൽമുടക്കാൻ സന്നദ്ധത പ്രടിപ്പിച്ചിട്ടുണ്ട്. ചർച്ചകൾ നടന്നുവരുന്നു. വ്യവസായ മന്ത്രി 1999 ഡിസംബറിൽ നടത്തിയ ഗൾഫ് പര്യടനത്തിന്റെ ഫലമായി വിദേശ കമ്പനികളുടെ പ്രതിനിധികൾ കൊച്ചിയും കാസർഗോഡും സന്ദർശിക്കുകയും ഏകദേശം 97 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന "സിറാമിക് സാനിറ്ററി വെയർ" യൂണിറ്റ് കാസർഗോഡ് കിൻഫ്ര പാർക്കിൽ ആരംഭിക്കുവാനും തീരുമാനിച്ചു.

(617) കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എവിടെയെല്ലാം എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷമായി പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന സംഘങ്ങൾ ഏതെല്ലാമാണ്; അവയിൽ ലിക്വിഡേഷൻ നടപടിയായിട്ടുള്ള സംഘങ്ങൾ ഉണ്ടെങ്കിൽ അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഹാന്റെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി, നെയ്ത്ത് മേഖലയ്ക്ക് നൽകിയ റിബേറ്റ്, എം.ഡി.എ., മറ്റ് സഹായങ്ങൾ എന്നിവ ജില്ലതിരിച്ച് തുക വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ 10 വർഷത്തെ റിബേറ്റ് ക്ലെയിം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഈ തുകയിൽ ജില്ലകൾക്കു നൽകിയ തുകയുടെയും ഇനി നൽകാനുള്ള തുകയുടെയും കണക്ക് വെളിപ്പെടുത്തുമോ;

(എഫ്) റിബേറ്റിനത്തിൽ സംസ്ഥാനത്ത് എത്ര രൂപയാണ് 2000 ജനുവരി വരെ നൽകാനുള്ളത്;

(ജി) റിബേറ്റ് തുകയിൽ തടഞ്ഞുവച്ചിട്ടുള്ള തുക സംഘം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ മൊത്തം 757 പ്രാഥമിക കൈത്തറി സംഘങ്ങളും തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു കേന്ദ്ര (അപ്പക്സ്) സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	360
കൊല്ലം	-	79

LIBRARY ARCHIVES Kerala Legislative Assembly